നം.കെ.എസ്.എ.പി.റ്റി.എ.പി10/1203/2016 തീയതി:17-11-2016

ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട് (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 01-04-2015 മുതൽ 31-03-16വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ്അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ.ഹബീബ്മുഹമ്മദ്<br>ഡെപ്യൂട്ടി ഡയറക്ടർ |

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം | |
|---|---|
| ശ്രീമതി.വിജയലക്ഷ്മി.പി.കെ. | ഓഡിറ്റ് ഓഫീസർ(ഹ. ഗ്രേ.) |
| ശ്രീ.രമണൻ.എസ്. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി പി സി സൂര്യപ്രഭ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| ശ്രീമതി.ദീപ.എസ്. | സീനി. ഗ്രേ.ഓഡിറ്റർ |
| ശ്രീമതി.രാജശ്രീ.സി.ആർ. | ഓഡിറ്റർ ട്രെയിനി. |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 20.10.2016 മുതൽ 31.10.2016 വരെ |

നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി ബെസ്സി ഡാനിയൽ(01.04.2015 മുതൽ 31.10.2015 വരെ)<br>ഭരണനിർവ്വഹണ സമിതി(1.11.2015 മുതൽ 18.11.15 വരെ)<br>ശ്രീ.വിജു രാധാകൃഷ്ണൻ (19.11.15 മുതൽ 31.3.2016 വരെ) |

| | |
|---|---|
| സെക്രട്ടറി | ശ്രീ. കെ.ജയദേവൻ പിള്ള(01.4.2015-26.7.2015)<br>ശ്രീ.ആർ.എസ് അനിൽ കുമാർ(27.7.15-6.8.2015)<br>ശ്രീ.സുശീന്ദ്രൻ,സെക്രട്ടറി,കടമ്പനാട്ഗ്രാമപഞ്ചായത്ത്(ചാർജ്) (07.8.15-16.8.15)<br>ശ്രീ.പി.രാജേഷ്കുമാർ,സെക്രട്ടറി,ഏനാദിമംഗലം ഗ്രാമപഞ്ചായത്ത്(17.8.15-25.08.15) (ചാർജ്)<br>ശ്രീ.ബി.സുനിൽ,ജൂനിയർ സൂപ്രണ്ട്,(അഡീഷണൽ ചാർജ്)(26.08.16-10.9.15)<br>ശ്രീ.പി.ഒ.മാത്യൂ(11.9.15 - 31.3.2016) |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ് : 2015-16
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് : 2015-16
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് : 2015-16
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഉള്ളടക്കം


| ക്രമനമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം-1 | |
| 1 | ബജറ്റ് | 1-1 |

| | | |
|---|---|---|
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | തനത് വരുമാനം | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-11 |
| 12 | ദുരിതാശ്വാസ നിധി നാളിതുവരെ രൂപീകരിച്ചിട്ടില്ല | 1-12 |
| 13 | പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലും വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 2.9 കോടി രൂപ | 1-13 |
| 14 | ജാഗ്രതാ സമിതികൾ നിയമാനുസൃതം വിളിച്ചുകൂട്ടുന്നില്ല- വാർഡ് മെമ്പർമാർ അയോഗ്യതയുടെ വക്കിൽ | 1-14 |
| 15 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-15 |
| | ഭാഗം-2 | |
| 16 | ജനറൽ പർപ്പസ് ഫണ്ട് യഥാസമയം ട്രഷറിയിൽ ക്രെഡിറ്റ് ചെയ്തില്ല. ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 8.07 ലക്ഷം രൂപ | 2-1 |

| | | |
|---|---|---|
| | | |
| 17 | സ്വാശ്രയ കോളേജിന്റെ വസ്തു നികുതി നാളിതുവരെ ഈടാക്കിയിട്ടില്ല | 2-2 |
| 18 | ഡിമാന്റ് ചെയ്ത വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച | 2-3 |
| 19 | വസ്തുനികുതി കുടിശ്ശിക; ഈടാക്കാനുള്ളത് 30 ലക്ഷം രൂപ | 2-4 |
| 20 | പരസ്യ നികുതി പിരിക്കുന്നില്ല. അനധികൃത പരസ്യങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല. | 2-5 |
| | ഭാഗം 3 | |
| 21 | റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകിയ ഇനത്തിൽ 57511 രൂപ നഷ്ടം | 3-1 |
| 22 | ടാറിംഗ് പ്രവർത്തിക്ക് അധികം നൽകിയ തുക തിരികെ ഒടുക്കി | 3-2 |
| 23 | നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ഒടുക്കുന്നെങ്കിലും വർഷങ്ങളായി കൈപ്പറ്റ് രസീത് ലഭിയ്ക്കുന്നില്ല | 3-3 |
| 24 | അംഗണവാടി ടൈൽ പാകൽ - സുതാര്യത ഉറപ്പാക്കിയില്ല | 3-4 |
| 25 | ചെയ്യാത്ത അറ്റകുറ്റപ്പണിയ്ക്ക് കൂലി നല്കി | 3-5 |
| 26 | തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല ; വൈദ്യുതി ചാർജ്ജിനത്തിൽ പ്രതി വർഷം നഷ്ടം 13.57 ലക്ഷം രൂപ | 3-6 |
| 27 | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ അടിയന്തിരമായി പൂർത്തീകരിക്കണം. | 3-7 |

| | | |
|---|---|---|
| 28 | പൊതു ടാപ്പുകളുടെ വെള്ളക്കരം- വാർഷിക ബാദ്ധ്യത 11.8 ലക്ഷം രൂപ | 3-8 |
| 29 | തെരുവുനായ്ക്കളുടെ വന്ധീകരണത്തിന് ജില്ലാപഞ്ചായത്തിന് തുക അടയ്ക്കൽ | 3-9 |
| 30 | അംഗനവാടി പോഷകാഹാര വിതരണം; ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല | 3-10 |
| 31 | അങ്കണവാടികളുടെ അടിസ്ഥാനസൗകര്യം | 3-11 |
| 32 | പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അർഹമായ പരമാവധി തുക നൽകുന്നില്ല | 3-12 |
| 33 | ഉറവിട മാലിന്യ സംസ്കരണ പദ്ധതി പൂർത്തീകരിച്ചില്ല – പിൻവലിച്ച തുക ഡി.ഡി.യായി കൈയിൽ സൂക്ഷിച്ചിരിക്കുന്നു. | 3-13 |
| | ഭാഗം-4 | |
| 34 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 35 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 37 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 38 | ഓഡിറ്റ് റിക്കവറി | 4-5 |
| 39 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |

| | | |
|---|---|---|
| 40 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 41 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-8 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## (1-1) ബജറ്റ്

2015-16വർഷത്തെ ബജറ്റ് 30.03.2015 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റിൽ പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 8117849 | 33681664 | | 25563815 |
| വരവ് | 139099636 | 38018910 | 101080726 | |
| ആകെ | 147217485 | 71700574 | 75516911 | 0 |
| ചെലവ് | 144294693 | 58827238 | 85467455 | |
| നീക്കിയിരിപ്പ് | 2922792 | 12873336 | | 9950544 |

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ, സ്ഥാപനത്തിലെ ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ് സൂചിപ്പിക്കുന്നത് .

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിന്റെ ഉപവകുപ്പ് 1പ്രകാരം സ്ഥാപനത്തിൽ അടുത്ത വർഷം ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ ബജറ്റ് നിർദ്ദേശങ്ങൾക്കായി ഓരോ വർഷവും ജനവരി 15-ന് മുൻപ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിക്കേണ്ടതും ബജററ് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. ഉപവകുപ്പ് 1-എ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കി മാർച്ച് മാസത്തിലെ ആദ്യ ആഴ്ച കഴിയുന്നതിന് മുൻപ് പഞ്ചായത്ത് യോഗത്തിൽ സമർപ്പിക്കണം. ബജറ്റ് തയ്യാറാക്കുന്നതിന് ചട്ടപ്രകാരമുള്ള നടപടികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി സ്വീകരിച്ചിട്ടില്ല. 2015-16 വർഷത്തെ ബജറ്റ് 03-03-2015 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും അവതരിപ്പിച്ച് പാസ്സാക്കുകയും 30-03-2015 ലെ ജനറൽ കമ്മിറ്റിയുടെ ഒന്നാം നംപർ തീരുമാനപ്രകാരവും അവതരിപ്പിച്ച് പാസ്സാക്കിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിക്കുന്ന ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതികൾ കൂടി ഉൾപ്പെടുത്തേണ്ടതാണ്. വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സപ്ലിമെന്ററി അല്ലെങ്കിൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ച് അംഗീകാരം നേടണം. എങ്കിൽ മാത്രമേ പ്ലാൻ ചെലവുകൾ പഞ്ചായത്ത് രാജ് നിയമത്തിന്റെ 214-ാം വകുപ്പ് പ്രകാരം അനുവദനീയമാവുകയുള്ളൂ. എന്നാൽ 2015-16 വർഷത്തെ വാർഷിക പദ്ധതിച്ചെലവുകൾ ഉൾപ്പെടുത്തി ബജറ്റ് റിവൈസ് ചെയ്ത് അംഗീകാരം വാങ്ങിയിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

## (1-2) വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക | ലഭിച്ച തീയതി (അപാകത |
|---|---|---|

| | | |
|---|---|---|
| | ലഭിക്കേണ്ട തീയതി | പരിഹരിച്ച് ലഭ്യമാക്കിയത്) |
| 2015-16 | 31.07.16 | 12.07.2016 |

## (1-3) വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

എ) ബി-11 പട്ടികയിലെ ആസ്തികളുടെ വിവരങ്ങൾ ഗ്രാമ പഞ്ചായത്ത് സൂക്ഷിച്ചിട്ടുള്ള ആസ്തി രജിസ്റ്ററുമായിപൊരുത്തപ്പെടുന്നില്ല. തൻ വർഷം ലോകബാങ്ക് ധനസഹായമായി ലഭിച്ച 4171298 രൂപ റോഡ് കോൺക്രീറ്റിംഗിനായി ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഈ തുക റവന്യൂ ചെലവായി കാണിച്ചിരിക്കുന്നു

ബി)വസ്തുനികുതി പരിഷ്ക്കരണം തൻവർഷം പൂർത്തിയാക്കി ഡാറ്റാ എൻട്രി പൂർണ്ണമാക്കിയിട്ടില്ലാത്തതിനാൽ വാർഷികകണക്കുപ്രകാരമുള്ള കുടിശ്ശിക , തൻവർഷ ഡിമാന്റ് എന്നിവയുടെ കൃത്യത വ്യക്തമല്ല.

സി) ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിർവ്വഹണ ഏജൻസികൾക്ക് അഡ്വാൻസായി നൽകിയ 1224850 രൂപ ബി-18ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടില്ല

## (1-4) സാമ്പത്തിക വിശകലനം

| ഇനം | തുക |
|---|---|
| മുന്നിരിപ്പ് | 33681664 |
| വരവ് | 38018910 |
| ആകെ | 71700574 |
| ചെലവ് | 58827238 |
| നീക്കിയിരിപ്പ് | 12873336 |

## (1-5) ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 3803956 | 0 | 8624569 | 12428525 | 11079145 | | 1349380 |
| വികസനഫണ്ട് എസ്.സി.പി. | 4567681 | 4879162 | | 9446843 | 8718449 | 728394 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | | 0 | 0 | | 0 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 5462608 | 3508875 | | 8971483 | 8971483 | | 0 |
| സംരക്ഷണ | 1220099 | 1617934 | | 2838033 | 2838033 | | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഗ്രാന്റ്(നോൺ റോഡ്) | | | | | | | |
| 13th CFCഗ്രാന്റ് | 3159155 | 6896003 | | 10055158 | 5883860 | 4171298 | 0 |
| പെർഫോർമൻസ് ഗ്രാന്റ് | 4006416 | 3468944 | | 7475360 | 3750483 | 3724877 | 0 |

## (1-6) പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 294 | 94226432 | 194 | 0 | 46636843 | 100 | 66 |

## (1-7) പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വർഷം | മേഖല | വകയിരുത്തിയത് | ചെലവഴിച്ചത് | ശതമാനം |
|---|---|---|---|---|
| 2015-16 | ഉത്പാദനം | 4864857 | 2539791 | 52.2 |
| | സേവനം | 45222976 | 14486032 | 32.03 |
| | പശ്ചാത്തലം | 44138599 | 29611020 | 67.08 |

പഞ്ചായത്ത് രാജ് നിയമം മൂലം (കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് (1)-ാം ഉപവകുപ്പ് 3-ാം പട്ടിക) ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ കൃഷി, മൃഗസംരക്ഷണം തുടങ്ങി 19 മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളുടെ നിർവ്വഹണത്തിനായിരിക്കണം ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ തുക വകയിരുത്തേണ്ടത്. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ എല്ലാം വികസന മേഖലകൾക്കും അർഹമായ പരിഗണന നൽകിയിട്ടില്ല. കാർഷിക മേഖലയിലെ ഫണ്ടിന്റെ വിനിയോഗം നാമമാത്രമായിരുന്നു. വിദ്യാഭ്യാസം, ക്ഷീരവികസനം, തുടങ്ങിയ ഉല്പാദന മേഖലകളെ പൂർണ്ണമായും അവഗണിച്ചു.പൊതുമരാമത്ത് മേഖലയിൽ റോഡ് കോൺക്രീറ്റിംഗിനാണ് വാർഷിക പദ്ധതിയിൽ മുന്തിയ പരിഗണന നൽകിയിട്ടുള്ളത്. ഇത് പഞ്ചായത്തിന്റെ സമഗ്രവികസനത്തെ പൂർണ്ണമായും പിന്നോട്ടടിക്കും. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല എന്നത് പ്രോജക്ടുകളുടെ മോണിട്ടറിംഗ് നടക്കാത്തതിൽ നിന്നും വ്യക്തമാകുന്നു.

വിവിധ ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ എത്തുന്ന പൊതുജനങ്ങൾക്ക് ഫ്രണ്ട് ഓഫീസ് സൗകര്യങ്ങൾ പര്യാപ്തമല്ല. സ്ഥല സൗകര്യം തീരെ പരിമിതമായ ഓഫീസ് മുറിയിൽ തന്നെയാണ് ഫ്രണ്ട് ഓഫീസും പ്രവർത്തിക്കുന്നത്. മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകുന്നതിനായി സർക്കാർ ലഭ്യമാക്കിയ ലോകബാങ്ക് ധനസഹായം ഫ്രണ്ട് ഓഫീസ് സൗകര്യങ്ങൾ മെച്ചപ്പെടുത്താൻപോലും ഉപയോഗിക്കാതെ റോഡ് കോൺക്രീറ്റിംഗിനായി ചെലവഴിച്ചുവെന്നത് വളരെ ഗൗരവകരമായി ഓഡിറ്റ് വീക്ഷിക്കുന്നു.

## (1-8) ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ആകെ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2121000 | 269 |
| വികലാംഗപെൻഷൻ | 3460300 | 323 |
| വാർദ്ധക്യകാല പെൻഷൻ | 11574600 | 1945 |
| വിധവാ പെൻഷൻ | 9128800 | 938 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 500000 | 53 |
| തൊഴിൽ രഹിത വേതനം | 195600 | 143 |

## (1-9) തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 4761381 | 4529022 | (-)232359 |
| നികുതിയേതര വരവുകൾ | 1562046 | 1981750 | 419704 |
| മറ്റ് വരവുകൾ | 437640 | 586712 | 149072 |
| ആകെ | 6761067 | 7097484 | 336417 |

മേൽ കണക്കുകൾ പരിശോധിച്ചാൽ പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ കാര്യമായ വർദ്ധന ഉണ്ടാകുന്നില്ലെന്നു വ്യക്തമാണ്. അഞ്ച് ശതമാനം കുറവാണ് നികുതി വരുമാനത്തിലുള്ളത്. പ്രധാന വരുമാന സ്രോതസ്സായ വസ്തു നികുതി പിരിവ് നാമമാത്രമാണ്. വസ്തുനികുതി കൃത്യമായി പിരിച്ചെടുക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ്ക്കാന്തി അധികൃതരുടെ ഭാഗത്തു നിന്നുമുണ്ടായിട്ടില്ല.

വരുമാന വർദ്ധനവിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും അതോടൊപ്പംതന്നെ പരസ്യനികുതി തുടങ്ങിയ ഈടാക്കാവുന്ന എല്ലാ നികുതികളും കൃത്യമായി ഈടാക്കേണ്ടതുമാണ്.

## (1-10) ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.10.2016-ൽ 11.30 എ.എം ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 6786 രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## (1-11) ആഭ്യന്തര നിയന്ത്രണം

വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ബാങ്ക് ബുക്കുകളുടെ ക്രമത്തിൽ വൗച്ചറുകൾ സൂക്ഷിച്ചിട്ടില്ല. സാംഖ്യാ രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല. ഇൻക്യുംബൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിൽ ജോലി ചെയ്തിരുന്ന വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ വിവരങ്ങൾ ഇൻക്യുംബൻസി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാതിരുന്നത് വീഴ്ചയാണ്. ഇൻക്യുംബൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അടുത്ത ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. വസ്തുനികുതി അസസ്സ്മെന്റ്, ഡിമാന്റ് രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല.

## (1-12) ദുരിതാശ്വാസ നിധി നാളിതുവരെ രൂപീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നിവസിക്കുന്നവരുടെ ദുരിത നിവാരണത്തിന് അടിയന്തിര സഹായം നൽകുന്നതിനായി, 2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെയും സെക്രട്ടറിയുടെയും പേരിൽ ഒരു ദുരിതാശ്വാസനിധി രൂപീകരിക്കേണ്ടതാണെന്ന വ്യവസ്ഥ നടപ്പിലാക്കിയിട്ടില്ല. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇപ്രകാരം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല. ആയതിനാൽ ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനും അതിലേക്ക് ധനസമാഹരണം നടത്തുന്നതിനും അർഹരായവർക്ക് സഹായമെത്തിക്കുന്നതിനും ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

## (1-13) പ്രോജക്റ്റുകൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലും വീഴ്ച- ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 2.9 കോടി രൂപ

ഗ്രാമപഞ്ചായത്തിന് ലഭ്യമായ ഫണ്ടിന് ആനുപാതികമായി പ്രോജക്റ്റുകൾ ആവിഷ്കരിക്കുന്നതിലും നടപ്പിലാക്കുന്നതിലുമുണ്ടായ വീഴ്ച മൂലം കോടികൾ പഞ്ചായത്തിന് നഷ്ടമായി. ആകെ അനുവദിച്ച അലോട്ട്മെന്റിൽ നിന്നും പ്രോജക്റ്റുകൾക്കായി ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ടായിരുന്ന തുകയാണ് ഇപ്രകാരം നഷ്ടമായത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | (T.c ഉൾപ്പടെ ലഭ്യമായ ആകെ മുന്നിരിപ്പ്) | തൻ വർഷം ലഭിച്ച അലോട്ട്മെന്റ് | ആകെ ലഭ്യമായ തുക | പ്രോജക്റ്റുകൾക്കായി വകയിരുത്തിയ തുക | ചെലവഴിച്ചത് | നഷ്ടമായ തുക |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (4-6) |
| വികസനഫണ്ട് പൊതുവിഭാ | 12428525 | 12189625 | 24618150 | 14713986 | 11079145 | 13539005 |
| വികസനഫണ്ട് എസ്.സി.പി. | 4567681 | 8407000 | 12974681 | 12669729 | 8718449 | 4256232 |
| റ്റി.എസി.പി | - | 100000 | 100000 | - | -- | 100000 |
| സംരക്ഷണ | 5462608 | 9113000 | 14575608 | 14824839 | 8971483 | 5604125 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്- റോഡ് | | | | | | |
| സംരക്ഷണ ഗ്രാന്റ്(നോൺ റോഡ്) | 1220099 | 3633000 | 4853099 | 4853009 | 2838033 | 2015066 |
| 13th CFCഗ്രാന്റ് | 3159155 | 4987366 | 8146521 | 7327168 | 5883860 | 2262661 |
| പെർഫോർമൻസ് ഗ്രാന്റ് | 4006416 | 0 | 4006416 | 3757185 | 3750483 | 255933 |
| ആകെ | | | | | | 28033022 |

ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും വിവിധ സേവനങ്ങൾ നൽകുന്നതിനും ലഭ്യമായ തുകയാണ് ഇപ്രകാരം നഷ്ടപ്പെട്ടത് എന്നത് തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു.

## (1-14) ജാഗ്രതാ സമിതികൾ നിയമാനുസൃതം വിളിച്ചുകൂട്ടുന്നില്ല

സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരേ ഉണ്ടാകുന്ന അതിക്രമങ്ങൾ, സ്വാതന്ത്ര്യ നിഷേധം,അവകാശ ലംഘനം എന്നീ വിഷയങ്ങളിൽ ഇടപെട്ട് അവ പരിഹരിക്കാനും സമാനമായ പ്രശ്നങ്ങൾ ഉണ്ടാകാത്ത തരത്തിലുള്ള സാമൂഹ്യസൃഷ്ടിക്കും വേണ്ടി പ്രാദേശിക സർക്കാർ തലത്തിൽ പ്രവർത്തിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് രൂപീകരിച്ചതാണ് ജാഗ്രതാ സമിതികൾ. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനും ഐ.സി.ഡി.എസ് സൂപ്പർ വൈസർ കൺവീനറും ആയി വനിതാ മെമ്പർ, വനിതാ അഭിഭാഷക, സി.ഡി.എസ് ചെയർ പേഴ്സൺ, സ്ഥലത്തെ സബ് ഇൻസ്പെക്ടർ, എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട സാമൂഹ്യ പ്രവർത്തക, ഇതേ വിഭാഗത്തിലെ വനിതാ മെമ്പർ, കൗൺസിലർ, ഡോക്ടർ എന്നിവരാണ് പഞ്ചായത്ത് തല ജാഗ്രതാസമിതിയിൽ ഉൾപ്പെടുന്നത്.

പഞ്ചായത്തിലെ ജാഗ്രതാസമിതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും ജനകീയവും ആക്കിത്തീർക്കുന്നതിനാണ് വാർഡിൽ മെമ്പർമാരുടെ നേതൃത്വത്തിൽ വാർഡ് തല ജാഗ്രതാ സമിതികൾ രൂപീകരിക്കുന്നത്.പഞ്ചായത്ത് തലത്തിലുള്ള ജാഗ്രതാസമിതി എടുക്കുന്ന തീരുമാനങ്ങൾ,ബോധന പരിപാടികൾ എന്നിവ ഫലപ്രദമായി നടപ്പിലാക്കുകയെന്നത് ഈ സമിതിയുടെ ലക്ഷ്യങ്ങളാണ്. കൂടാതെ താഴെ തലങ്ങളിലുള്ള ജനങ്ങൾക്ക് ജാഗ്രതാ സമിതിയുടേയും വനിതാ കമ്മീഷന്റേയും സേവനം ലഭിക്കുന്ന തരത്തിൽ പ്രവർത്തിക്കുകയെന്നതും ഇതിന്റെ പരമപ്രധാനമായ ലക്ഷ്യമാണ്. ആയതിനാൽ ജാഗ്രതാസമിതികൾ യഥാസമയം വിളിച്ചുകൂട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## (1-15) പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല

കേരള പഞ്ചായത്ത് രാജ് ആക്ട് 172.എ വകുപ്പ് അനുസരിച്ച് പഞ്ചായത്ത് ഭരണസമിതി അധികാരത്തിലെത്തി ചുരുങ്ങിയത് ആറുമാസത്തിനകം നിലവിലെ പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിക്കേണ്ടതാണ്. പുതിയ ഭരണ സമിതി അധികാരത്തിൽ വന്ന് ഒരുവർഷമായിട്ടും പൗരാവകാശരേഖ പുതുക്കി പ്രസിദ്ധീകരിച്ചിട്ടില്ല. ആയതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## (1-16) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് | 27.08.2016 | 06/2016-07/2016 | 29.8.16 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31.08.2011 | 2008-09 മുതൽ 2010-11 വരെ | റിപ്പോർട്ട് ലഭിച്ചിട്ടില്ല |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### (2-1) ജനറൽ പർപ്പസ് ഫണ്ട് യഥാസമയം ട്രഷറിയിൽ ക്രഡിറ്റ് ചെയ്തില്ല. ഗ്രാമപഞ്ചായത്തിന് നഷ്ടമായത് 8.07 ലക്ഷം രൂപ

2015-16 വർഷത്തെ ബഡ്ജറ്റ് പ്രകാരം ജനറൽ പർപ്പസ് ഫണ്ട് ഇനത്തിൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ച ആകെ അലോട്ട്മെന്റ് 9693000/ രൂപയായിരുന്നു. 12 ഗഡുക്കൾ ആയിട്ടാണ് തുക അനുവദിച്ചത് എങ്കിലും 11 ഗഡുക്കൾ മാത്രമാണ് ട്രഷറി റ്റി.എസ്.ബി അക്കൗണ്ടിൽ ക്രഡിറ്റിൽ വന്നിട്ടുള്ളത്(11x807750=8885250). ജി.ഒ(ആർ.ടി) നം.2353/2016/ഫിൻ തീയതി 14.3.2016 പ്രകാരം പന്ത്രണ്ടാം ഗഡുവായി അനുവദിച്ച 807750/ രൂപയുടെ അലോട്ട്മെന്റ് യഥാസമയം ട്രഷറിയിൽ ക്രഡിറ്റ് ചെയ്യുന്നതിനായി നൽകിയില്ല. ഇതുമൂലം ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 807750/ രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമായി.

ഗ്യാപ് ഫണ്ട് ഇനത്തിൽ അനുവദിച്ച തുക പന്ത്രണ്ടാം ഗഡുവായി തെറ്റിദ്ധരിച്ചതിനാലാണ് ഇപ്രകാരം ഒരു പിഴവുണ്ടായത് എന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. മനപൂർവ്വമല്ലാതെ സംഭവിച്ചുപോയ പിഴവ് മാപ്പാക്കി തുക റ്റി.എസ്.ബി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യണമെന്ന് അപേക്ഷിച്ചുകൊണ്ട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന പഞ്ചായത്ത് ഡയറക്ടർക്ക് കത്തയച്ചുവെങ്കിലും അനുകൂലതീരുമാനം നാളിതുവരെ ഉണ്ടായിട്ടില്ല. ആഭ്യന്തര നിയന്ത്രണത്തിലുണ്ടായ ഗുരുതരമായ വീഴ്ചമൂലമാണ് 8.07ലക്ഷം രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമാകാൻ ഇടയാക്കിയത്. പഞ്ചായത്തധികൃതരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ അനാസ്ഥയായി ഇതിനെ ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയം അനന്തര നടപടികൾക്കായി ഭരണ വകുപ്പിന് ശുപാർശ ചെയ്യുന്നു.

### (2-2) സ്വാശ്രയ കോളേജിന്റെ വസ്തു നികുതി നാളിതുവരെ ഈടാക്കിയിട്ടില്ല

കേരള വണിക വൈശ്യ സംഘത്തിന്റെ ഉടമസ്ഥതയിൽ ഗ്രാമപഞ്ചായത്തിലെ കൈതപ്പറമ്പ് എന്ന സ്ഥലത്ത് 1995 മുതൽ പ്രവർത്തിക്കുന്ന കെ.വി.വി.എസ് കോളേജ് ഓഫ് സയൻസ് & ടെക്നോളജി, 2002മുതൽ പ്രവർത്തിക്കുന്ന കെ.വി.വി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി എന്നീ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു നികുതി ഓഡിറ്റ് തീയതി വരെ ഈടാക്കിയിട്ടില്ല. കോളേജിന്റെ വെബ്സൈറ്റിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം ബി.എസ്.സി കമ്പ്യൂട്ടർസയൻസ്, ബി.എസ്.സി ഇലക്ട്രോണിക്സ്, ബി.എസ്.സി ബോട്ടണി&ബയോടെക്നോളജി, ബി.കോം, ബി.കോം(ടൂറിസം&ട്രാവൽ മാനേജ്മെന്റ്), എം.കോം, എം.സി.എ എന്നീ കോഴ്സുകൾ കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഈ അൺ എയ്ഡഡ് കോളേജിൽ പഠിപ്പിക്കുന്നുണ്ട്. വിവിധ ക്ലാസ് മുറികൾ, ലാബുകൾ, ലൈബ്രറി, ഓഡിറ്റോറിയം,ഹോസ്റ്റലുകൾ ,ക്യാന്റീൻ, ഓഫീസ് എന്നിങ്ങനെയുള്ള നിരവധി കെട്ടിടങ്ങൾ കോളേജ് ക്യാംപസിനുള്ളിലുണ്ടെങ്കിലും ഇവയുടെ വിശദാംശം യാതൊന്നും തന്നെ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. കെട്ടിടങ്ങളുടെ സൈറ്റ് പ്ലാൻ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് അസി.എൻജിനീയർ കത്തയച്ചുവെങ്കിലും(8/2016) സ്ഥാപനം നാളിതുവരെ രേഖകൾ സമർപ്പിച്ചിട്ടില്ല

6/6/2007-ലെ ജി.ഒ (എം.എസ്) 150/2007/എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരമാണ് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും കെട്ടിട നിർമ്മാണ നിയമം ബാധകമാക്കിയത്. പഞ്ചായത്തിന്റെ കെട്ടിട നിർമ്മാണ നിയമം പ്രത്യേകമായി പ്രാബല്യത്തിൽ വരുന്നത് വരെ കേരള മുൻസിപ്പാലിറ്റി കെട്ടിട നിയമം ബാധകമായിരിക്കുമെന്ന് 7/4/2008-ലെ 23997/ആർ.എ1 /08/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമാക്കിയിരുന്നു. 14/2/11 ലെ ജി.ഒ(എം.എസ്) 41/11/എൽ.എസ്.ജി.ഡി നമ്പർ വിജ്ഞാപന പ്രകാരം 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. 6/6/2007 മുതൽ ഗ്രാമ പഞ്ചായത്തിലും കെട്ടിട നിർമ്മാണ നിയമം ബാധകമാക്കിയിരുന്നുവെങ്കിലും അതിനുശേഷം നടന്ന കോളേജ് കെട്ടിട നിർമ്മാണങ്ങൾക്ക് ഗ്രാമ പഞ്ചായത്തിന്റെ അനുമതി വാങ്ങുകയോ നിയമാനുസൃതമല്ലാതെയുള്ള നിർമ്മാണങ്ങൾക്കെതിരേ ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ല. ക്യാപസിനുള്ളിലെ കെട്ടിടനിർമ്മാണങ്ങൾ നിയമാനുസൃതമാണോയെന്ന് ഉറപ്പാക്കാൻ പറ്റാത്ത അവസ്ഥയാണ് നിലവിലുള്ളത്. ചീഫ് ടൗൺ പ്ലാനറുടെ അംഗീകാരം കെട്ടിട നിർമ്മാണത്തിനു വാങ്ങിയിട്ടുണ്ടോയെന്നും വ്യക്തമല്ല.

കേരള പഞ്ചായത്ത് രാജ് ആക്ടിന് 7.10.2009 പ്രബല്യത്തിൽ വന്ന ഭേദഗതി പ്രകാരമാണ് സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വസ്തു വികുതി ഈടാക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയത്. എന്നാൽ കേരള വസ്തുനികുതി ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന 14.1.11 മുതൽ മാത്രമാണ് നിയമ ഭേദഗതിയ്ക്ക് പ്രാബല്യമുള്ളത് എന്നതിനാൽ അന്നു മുതലുള്ള വസ്തു നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്.

അനധികൃത നിർമ്മാണങ്ങൾക്കെതിരേ നടപടികൾ സ്വീകരിക്കുന്നതിലും യഥാസമയം വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിലും

ഗുരുതരമായ വീഴ്ച അതാത് കാലയളവിലെ പഞ്ചായത്ത് ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. സമയബന്ധിതമായ നടപടിയുടെ അഭാവത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുന്നത് ഭരണ സമിതിയുടേയും ഉദ്യോഗസ്ഥരുടേയും ബാധ്യതയാകുമെന്നതിനാൽ ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. വസ്തുനികുതിയിനത്തിലുണ്ടായ ഭീമമായ നഷ്ടത്തിന് ഉത്തരവാദികളായവർക്കെതിരേ മാതൃകാപരമായ നടപടികൾ സ്വീകരിക്കുന്നതിനും നഷ്ടമായ തുക തിരികെ ഈടാക്കുന്നതിനും വകുപ്പ് തല നടപടികൾക്കായി ശുപാർശ ചെയ്യുന്നു.

## (2-3) ഡിമാന്റ് ചെയ്ത വസ്തു നികുതി പിരിച്ചെടുക്കുന്നതിൽ വീഴ്ച

2015-16 വർഷം ഡിമാന്റ് ചെയ്ത വസ്തു നികുതി (കുടിശ്ശിക ഒഴികെ) പിരിച്ചെടുക്കുന്നതിൽ വലിയ വീഴ്ച അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷത്തെ വസ്തു നികുതി പിരിവ് പരിശോധിച്ചതിൽ പിരിവ് ശതമാനം(35.78%) ഏറ്റവും കുറഞ്ഞത് തൻവർഷമാണ്. വിശദാംശം താഴെ കൊടുക്കുന്നു.

| വർഷം | ഡിമാന്റ് തുക | പിരിവ് തുക | പിരിവ് ശതമാനം |
|---|---|---|---|
| 2010-11 | 1116866 | 917649 | 82.16 |
| 2011-12 | 1983867 | 1256588 | 63.34 |
| 2012-13 | 2133452 | 1435277 | 67.27 |
| 2013-14 | 2981831 | 1717442 | 57.59 |
| 2014-15 | 3951101 | 1791735 | 45.34 |
| 2015-16 | 2904654 | 1039323 | 35.78 |

വസ്തു നികുതി പിരിവ് കാര്യക്ഷമമാക്കാൻ ക്യാംപ് കളക്ഷൻ നടത്തുക, ദിനപ്പത്രങ്ങൾ, പ്രദേശിക ചാനലുകൾ തുടങ്ങിയ മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകുക എന്നിങ്ങനെയുള്ള മാർഗ്ഗങ്ങൾ ഒന്നും തന്നെ അധികൃതർ സ്വീകരിച്ചിട്ടില്ല. നികുതി ഈടാക്കാതെ കാലഹരണപ്പെട്ടാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ബാധ്യതയാകുമെന്നതിനാൽ വസ്തുനികുതി പിരിവ് കാര്യക്ഷമമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (2-4) വസ്തുനികുതി കുടിശ്ശിക; ഈടാക്കാനുള്ളത് 30 ലക്ഷം രൂപ

2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തു നികുതി കുടിശ്ശിക ഇനത്തിൽ 31.3.16 ൽ ഈടാക്കാൻ ബാക്കിയുള്ളത് 3011145/- രൂപയാണ്. സഞ്ചയ സോഫ്റ്റ് വെയറിൽ 2013-14, 2014-15 ,2015-16 വർഷങ്ങളിലെ വസ്തു നികുതി പിരിവിന്റെ ഡേറ്റ എൻട്രി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ഈ തുകയുടെ കൃത്യത ഓഡിറ്റിൽ ബോധ്യപ്പെട്ടിട്ടില്ല. എങ്കിലും വസ്തു നികുതി സമയബന്ധിതമായി പിരിച്ചെടുക്കുന്നതിലുണ്ടായ വീഴ്ചമൂലം വൻതുക കുടിശ്ശികയുണ്ടായിട്ടുണ്ട് എന്നത് വ്യക്തമാണ്. ഡേറ്റ എൻട്രി അടിയന്തിരമായി പൂർത്തീകരിച്ച് കുടിശ്ശിക കൃത്യമാക്കി ഈടാക്കാത്ത പക്ഷം കാലഹരണപ്പെടുന്നതുക ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ ബാധ്യതയാകുന്നതാണ്.

## (2-5) കാലാവധി കഴിഞ്ഞ പെർമിറ്റുകൾ; തുടർനടപടികളില്ല

2008 ഏപ്രിൽ 1 മുതൽ 2012 മാർച്ച് 31 വരെയുള്ള കാലയളവിൽ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി ഇഷ്യൂ ചെയ്തതും കാലാവധി കഴിഞ്ഞതുമായ പെർമിറ്റുകളുടെ വിവരം താഴെ കൊടുക്കുന്നു.

| പെർമിറ്റിനായി ലഭിച്ച അപേക്ഷകൾ | പെർമിറ്റ് നൽകിയത് | കാലാവധി കഴിഞ്ഞ പെർമിറ്റുകൾ |
|---|---|---|
| 63 | 40 | 23 |

പെർമിറ്റ് കാലാവധി കഴിഞ്ഞ സൈറ്റുകൾ പരിശോധിച്ച് നിർമ്മാണം പൂർത്തീകരിച്ചതാണോ എന്ന വിവരം ഉറപ്പാക്കുന്നില്ല. പ്രവൃത്തികൾ പൂർത്തീകരിച്ച് കെട്ടിട നമ്പർ നൽകിയ വിവരം പേർമിറ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അക്കാര്യം പെർമിറ്റസമയബന്ധിതമായി കംപ്ളീഷൻ പ്ലാൻ ഫയൽ ചെയ്ത് വസ്തു നികുതി അടവാക്കാൻ സന്നദ്ധരാകാത്ത കെട്ടിട ഉടമകൾക്കെതിരേ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നില്ല.ഇത് മൂലം കെട്ടിടങ്ങളുടെ എക്സ്റ്റൻഷൻ പ്രവൃത്തികൾക്കായി പെർമിറ്റിന് അപേക്ഷിക്കുന്നവർക്ക് കെട്ടിട നമ്പർ ആവശ്യമില്ലാത്തതിനാൽ പ്രവൃത്തി പൂർത്തീകരിച്ചാലും ഗ്രാമപഞ്ചായത്തിനെ

അറിയിക്കുന്നില്ല. ഇത് മൂലം വസ്തുനികുതി നിർണ്ണയിക്കാൻ കഴിയാതെ വലിയ നഷ്ടമാണ് ഗ്രാമപഞ്ചായത്തിന് ഉണ്ടാകുന്നത്. മാത്രമല്ല കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള മാതൃകയിൽ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ തുടർ നിരീക്ഷണം സാധ്യമാകുന്നില്ല

(2) അനധികൃത നിർമ്മാണങ്ങൾക്കെതിരേ നടപടികൾ സ്വീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

19.5.2014-ലെ 29342/RA1/2014/ത.സ്വ.ഭ.വ ഉത്തരവിൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രേഖകൾ സൂക്ഷിക്കാത്ത സ്ഥാപനങ്ങൾക്കെതിരേ നടപടികൾ സ്വീകരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ടി സർക്കുലറിലെ അനുബന്ധം 1 പ്രകാരം പ്രകാരം അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ടതും തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## (2-6) പരസ്യ നികുതി പിരിക്കുന്നില്ല. അനധികൃത പരസ്യങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209, ഉപവകുപ്പുകൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും ഇതിനുള്ള അവകാശം ലേലം ചെയ്തു നൽകാവുന്നതുമാണ്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005 ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ രൂപീകരിച്ച് അംഗീകാരം വാങ്ങുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ പരസ്യ നികുതി പിരിച്ച് തനതു വരുമാനത്തിലേക്ക മുതൽ കൂട്ടുന്നതിനും ഗ്രാമപഞ്ചായത്ത് യാതൊരു വിധ നടപടികളും സ്വീകരിച്ചിട്ടില്ല.

ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 21.02.2013 ലെ WP(C) നമ്പർ 27011/2012 നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ 25.10.2013 ൽ പുറപ്പെടുവിച്ച എൽ.എസ് .ജി (ആർ.സി) വകുപ്പിന്റെ 71806/RC2/2012/LSGD നമ്പർ സർക്കുലർ പ്രകാരം ഗതാഗത തടസ്സമുണ്ടാക്കുന്ന രീതിയിൽ റോഡുകളിലോ, റോഡരികുകളിലോ സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ, ഹോർഡിംഗുകൾ, കമാനങ്ങൾ എന്നിവ നീക്കം ചെയ്യണമെന്ന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുണ്ട്. സുഗമമായ ഗതാഗതത്തിനു വിഘ്നം സൃഷ്ടിക്കുന്ന തരത്തിൽ വാഹന യാത്രക്കാരുടെയും കാൽനട യാത്രക്കാരുടെയും കാഴ്ച തടസ്സപ്പെടുത്തിക്കൊണ്ടും അപകടകാരണമായേക്കാവുന്ന രീതിയിലും ട്രാഫിക് ഐലന്റ്, മീഡിയൻ,ഫുട് പാത്ത് തുടങ്ങി ഏതിടങ്ങളിലും സ്ഥാപിച്ചിട്ടുള്ള പരസ്യങ്ങൾ സ്വമേധയാ ഗ്രാമ പഞ്ചായത്തിനു നീക്കം ചെയ്യാവുന്നതാണെന്നു സർക്കുലർ നിർദ്ദേശിക്കുന്നു. നിയതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബൈലോ ഉപയോഗിച്ചുള്ള പരസ്യ നികുതി പിരിവിലൂടെ പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കാവുന്നതും ഹൈക്കോടതിയുടെയും സർക്കാരിന്റെയും നിർദ്ദേശങ്ങൾ പാലിച്ച് സുഗമമായ യാത്രാ സൗകര്യം ഉറപ്പാക്കിക്കൊണ്ട് അനധികൃത പരസ്യങ്ങൾ ഒഴിവാക്കാവുന്നതുമാണ്. ഇക്കാര്യത്തിൽ ഭരണ സമിതി ഉദ്യോഗസ്ഥർ എന്നിവരുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (3-1) റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകിയ ഇനത്തിൽ 75594 രൂപ നഷ്ടം

Public Works (H) Department-ന്റെ 17.4.13-ലെ GO(P) 36/2013/PWD- ഉത്തരവനുസരിച്ച് CPWD Data (DSR) പ്രകാരമാണ് ഗ്രാമപഞ്ചായത്തിൽ 2015-16വർഷം സാങ്കേതികാനുമതി നൽകിയ മരാമത്തു പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രതിഫലം നൽകിയിരിക്കുന്നത്. CPWD, Analysis of Rates-2014, Vol-I പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code : 4.1.3) Base rate 4753.29/ m3 ആണ് (കൺവീനർ പ്രവൃത്തികൾക്ക്). PWD ചീഫ് എഞ്ചിനീയറുടെ 15.12.14-ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 1.4.2014 മുതൽ ബാധകമായ കോസ്റ്റ് ഇന്റക്സ് 40.95% ആണ്. ആയതുപ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.66/m3 ആണ്.(4753.29X1.4095). എന്നാൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിന്റെ നിരക്കിനു പകരം, തറ കോൺക്രീറ്റ് ചെയ്ത് നിരപ്പാക്കുന്നതിന്റെ നിരക്കാണ് നൽകിയിരിക്കുന്നത്.(Flooring; DSR Code: 11.7). അതായത്, 7058.80/m3 എന്ന നിരക്കാണ് അനുവദിച്ചു നൽകിയിട്ടുള്ളത്.ഇതുമൂലം ടി സാമ്പത്തിക വർഷം നടപ്പാക്കിയ കോൺക്രീറ്റിംഗ് പ്രവർത്തികൾക്ക് തുക അധികം നൽകിയിട്ടുണ്ട്. ആയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിവിധ പ്രവൃത്തികളിൽ അധികം ചെലവഴിച്ച താഴെ പറയുന്ന തുകകൾ നിരാകരിക്കുന്നു

| ക്രമ നം. | പ്രൊജക്ട് നം./ | ബിൽ നം. തീയതി | എം.ബുക്ക് നം./ കോൺക്രീറ്റിം ഗിന്റെ അളവ്(എം 3) അനുവദിച്ച നിരക്ക്, തുക | അനുവദി ക്കാവുന്ന തുക (@6699.76/ m3) | അധികം നൽകിയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| 1 | 231/16 | ,63,64/16 dtd.26.12.15 | 35/15-16,16.493@7058.78., 116420/- | 110499 | 5921 |
| 2 | 227/16 | 57/15-16 dtd.26.12.15 | 31/15-16, 16.493 @7058.78.,/m3, 116420/- | 110499 | 5921 |
| 3 | 241/16 | 42/15-16 dtd.26.12.15 | 20/15-16, 16.493 @7058.78/m3, 116420/- | 110499 | 5921 |
| 4 | 225/16 | 79/15/-16dtd.30.01.16 | 34/15-16,9.825@7058.78., 69352.51 | 65825.14 | 3527.37 |
| 6. | 228/16 | 86/15-16 dtd.30.01.16, | 43/15-16,9.90@ 7058.78.,69881.92 | 66327.62 | 3554.30 |
| 7 | 230/16 | 89/15-16 dtd.30.01.16, | 4515-16 ,26.438@7058.78m3, 186620.02 | 177128.25 | 9491.77 |
| 8 | 277/16 | 80/15-16 dtd.30.01.16- | 37/15-16,9.9 @ 7058.78,69881.92 | 66327.62 | 3554.30 |
| 9 | 234/16 | 80/15-16 dtd.26.12.15 | 21/15-16,12.60 @ 7058.78, 88940.62 | 84416.97 | 4523.65 |
| 10 | 242/16 | 82/16dtd.30.01.16 | 42/15-16,16.493@ 7058.78/m2,116420.45 | 110499 | 5921 |
| 11 | 243/16 | 51/15-16 dtd.26.12.15 | 32/15-16 ,16.5028@ 7058.78/m2, 116489.63 | 110564.79 | 5924.84 |

| | | | | | |
|---|---|---|---|---|---|
| 12 | 233/16 | 46/15-16 dtd.26.12.15 | 19/15-16,18.90@7058.78/m2 133410.94 | 126625.46 | 6785.48 |
| 13 | 238/16 | 113/15-16 dtd.23.3.16 | 63/15-16,16.493@ 7058.78/m2,116420.45 | 110499 | 5921 |
| 14 | 247/16 | 115/16 dtd.23.3.16 | 59/ 15-16, 7.5375@7058.78/m2 53205.55 | 50499.44 | 2706.11 |
| 15 | 232/16 | 141/15-16 dtd.31.3.16 | 67/15-16,16.493@ 7058.78/m2,116420.45 | 110499 | 5921 |
| ആകെ 75593.82= 75594 | | | | | |

അധിക നിരക്ക് നൽകിയതുമൂലം ഗ്രാമപഞ്ചായത്തിന് നഷ്ടമായ 75594 രൂപ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസി.എക്സി.എഞ്ചിനീയർ എന്നിവരിൽനിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## (3-2) ടാറിംഗ് പ്രവർത്തിക്ക് അധികം നൽകിയ തുക തിരികെ ഒടുക്കി

ഏഴംകുളം അമ്പലം - മലമുറ്റം കത്തോലിക്കാപ്പള്ളി റോഡു റീടാറിംഗ് പ്രവർത്തിക്കായി കൺവീനർ ടാർ വാങ്ങിയതിന് അധിക നിരക്ക് നൽകിയതുമൂലം പഞ്ചായത്തു ഫണ്ടിന് നഷ്ടമായ 11029 രൂപ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ 31.10.16 ലെ 11604103862 നം രസീത് പ്രകാരം അടവാക്കി. തനത് ഫണ്ടിൽ അടവാക്കിയ ടി തുക കണസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കി ചെലാൻ ഹാജരാക്കേണ്ടതാണ്.

## (3-3) നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ഒടുക്കുന്നെങ്കിലും വർഷങ്ങളായി കൈപ്പറ്റ് രസീത് ലഭിയ്ക്കുന്നില്ല

2015-16 കാലയളവിൽ വിവിധ മരാമത്ത് പ്രവൃത്തികളുടെ മൂല്യത്തുകയിൽ നിന്നും നിർമ്മാണത്തൊഴിലാളിക്ഷേമനിധി വിഹിതം ആയി 1 % തുക ഈടാക്കിയത് പ്രകാരം 290959/- രൂപ ബോർഡിലേക്ക് ഡി.ഡി ആയി ഒടുക്കിയെങ്കിലും ഡി.ഡി - കൾ പ്രകാരമുള്ള തുക കൈപ്പറ്റിയതായി ക്ഷേമനിധിബോർഡിൽ നിന്നും രസീത് ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 2014 ജനവരി വരെ അടച്ചിട്ടുള്ള ഡി.ഡി.കൾ കൈപ്പറ്റിയതായി രസീത് ലഭിച്ചിട്ടുണ്ട്. തുടർ വർഷങ്ങളിലെ രസീതുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചതായി രേഖയില്ല. Account Payee ആയല്ല ഡി.ഡി - കൾ നൽകിയിട്ടുള്ളത്. ഡി.ഡി - കൾ Account Payee ആയി നൽകാഞ്ഞത് നടപടിക്രമങ്ങളിലെ അപാകത ആയും കൈപ്പറ്റു രസീതുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാഞ്ഞത് ഗുരുതരമായ വീഴ്ച്ചയായും വിലയിരുത്തുന്നു.

ഡിമാന്റ് ഡ്രാഫ്റ്റുകൾ ഭാവിയിൽ Account Payee ആയും രജിസ്റ്റേർഡ് തപാൽ മുഖേനയും അയച്ച് നൽകേണ്ടതാണ്. കൂടാതെ കൈപ്പറ്റ് രസീതുകൾ ലഭിക്കാഞ്ഞതിന്മേൽ തുടർ നടപടിക്കായി പഞ്ചായത്ത് കമ്മിറ്റി തീരുമാനം സഹിതം സർക്കാരിനെ അറിയിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം നഷ്ടമായി കണക്കാക്കി തിരികെയീടാക്കുന്നതിന് തുടർ നടപടി സ്വീകരിക്കുന്നതായിരിക്കും.

## (3-4) അംഗണവാടി ടൈൽ പാകൽ - സുതാര്യത ഉറപ്പാക്കിയില്ല

ഗ്രാമപഞ്ചായത്തിൽ 2015-16വർഷം നബാർഡിന്റെ ഫണ്ടുപയോഗിച്ച് രണ്ട്(നം. 31,28) അംഗണവാടികളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത അംഗണവാടികളിൽ നടത്തിയ ഭൗതിക പരിശോധനയിൽ 28-ാംനമ്പർ അംഗൻവാടിയുടെ തറയിൽ പാകിയിട്ടുള്ള ടൈൽ നിറംമങ്ങിയും പലയിടത്തും ഇളകിയും വൃത്തിഹീനവുമായാണ് കാണപ്പെട്ടത്. എന്നാൽ ഇതേ കാലയളവിലും നിരക്കിലും പൂർത്തീകരിച്ചിട്ടുള്ള 31-ാം നമ്പർ അംഗണവാടിയുടെ പ്രവർത്തി വളരെ ഭംഗിയായി ചെയ്തിട്ടുണ്ട്. 26.03.16-ൽ പൂർത്തീകരിച്ച കെട്ടിടത്തിന്റെ തറ ഒരുവർഷം പോലും ആകുന്നതിന് മുൻപ് തന്നെ ശോചനീയാവസ്ഥയിലായത് ടൈലിന്റെ ഗുണമേന്മക്കുറവിനെയും പ്രവർത്തിയുടെ സുതാര്യതയില്ലായ്മയേയുമാണ് കാണിക്കുന്നത്. ഇതു സംബന്ധിച്ചാവശ്യപ്പെട്ട

വിശദീകരണത്തിന് മറുപടി ഹാജരാക്കിയില്ല. അയതിനാൽ ടി അംഗൻവാടിയുടെ നിർമ്മാണ പ്രവർത്തിയിന്മേൽ വിശദമായ അന്വേഷണത്തിനും കൺവീനറുടെ നഷ്ടോത്തരവാദിത്വത്തിൽ അംഗണവാടിയുടെ തറയ്ക്ക് ഗുണനിലവാരമുള്ള ടൈൽ പാകുന്നതിന് ഭരണതലത്തിൽ നടപടി സ്വീകരിക്കുന്നതുവരെ ടിയിനത്തിന് ചെലവഴിച്ച 29404 രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ചെയ്ത പ്രവർത്തിയുടെ അളവ് - 40.279 എം2@ 730/എം2 തുക- 29403.67/-

എം.ബുക്ക് നം.- 80/15-16,പ്രോജ.നം.- 63/16

ചെക്ക് നം. 5544158/30.03.16

## (3-5) ചെയ്യാത്ത അറ്റകുറ്റപ്പണിയ്ക്ക് കൂലി നല്കി

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ ,പേര് | 174/16<br>തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ | 267350 |
| ചെലവ്, ഫണ്ടിനം | 171349 – തനത് ഫണ്ട് |
| ചെക്ക് നമ്പർ, തുക | 2742755/15.10.2015 - 45286.00<br>2669429/21.01.16 - 93780.00<br>5531382/31.03.16 - 32281.00 |

ഈ പ്രൊജക്റ്റ് പ്രകാരം തെരുവുവിളക്കിന് ആവശ്യമായ ഇലക്ട്രിക്കൽ ഉപകരണങ്ങൾ യുണൈറ്റഡ് ഇലക്ട്രിക്കൽസിൽ നിന്നും വാങ്ങുകയും (93780 രൂപ) അറ്റകുറ്റപ്പണി നടത്തിയതിന്റെ തുക ( 45286 +32281=77567) നല്കുകയും ചെയ്തു. 2014 ഡിസംബർ മുതൽ ശ്രീ.ആർ.ഹരികുമാറാണ് ഇലക്ട്രിക്കൽ കോൺട്രാക്ടർ. 2014ഡിസംബർ മുതൽ ഫെബ്രുവരി വരെയുള്ള കാലയളവിലെ അറ്റകുറ്റപ്പണിയുടെ തുക റിട്ടൻഷൻ(20960) പിടിച്ച ശേഷം 02/15 ൽ നല്കിയിരുന്നു. 02/15ലെ റിട്ടൻഷൻ തുകയും തുടർന്നുള്ള കാലയളവിലെ അറ്റകുറ്റപ്പണിയുടെ ചെലവും(56607) ഉൾപ്പടെ 77567 രൂപയാണ് 2015-16 ൽ നല്കിയത്. ചെലവ് വൌച്ചറിൽ 349 ട്യൂബ് ലൈറ്റുകൾ, 36 ബൾബുകൾ എന്നിവയുടെ അറ്റകുറ്റപ്പണി നടത്തിയതിന് 56607 രൂപ കണക്കാക്കിയിട്ടുള്ളത്. എന്നാൽ ഈ ചെലവിന് ആധാരമായി, ടി കോൺട്രാക്ടർ 23.07.15 ൽ സെക്രട്ടറിയ്ക്ക് നൽകിയ കത്തിൽ 309 ട്യൂബ് ലൈറ്റുകളും 36 ബൾബുകളും (19 എന്ന് എഴുതിയത് 36 എന്ന് തിരുത്തി) അറ്റകുറ്റപ്പണി നടത്തി സ്ഥാപിച്ചുവെന്നാണ് പറഞ്ഞിട്ടുള്ളത്. തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി നടത്തിയ കരാറുകാരൻ യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തിയുടെ അടിസ്ഥാനത്തിൽ ടിയാൾക്ക് 50247 രൂപ മാത്രമേ നല്കേണ്ടതുള്ളൂ. എന്നാൽ ഇതിനെക്കാൾ 6360 രൂപ (40ട്യൂബ് ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തിയതിന് 159 രൂപ നിരക്കിൽ) കൂടുതൽ ടിയാന് നൽകുകയാണുണ്ടായത്. വൌച്ചറിനൊപ്പം മെമ്പർമാരുടെ സാക്ഷ്യപത്രത്തിലാകട്ടെ 20 വാർഡുകളിലായി 350 ട്യൂബ് ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തിയതായി രേഖപ്പെടുത്തിയിരിക്കുന്നു. മെമ്പർമാരുടെ സാക്ഷ്യപത്രത്തിൽ ഏത് കാലയളവിലെ പ്രവൃത്തിയാണെന്ന് സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ 350 ട്യൂബ് ലൈറ്റുകൾ എന്ന കണക്കും കരാറുകാരന്റെ അവകാശവാദവുമായി പൊരുത്തപ്പെടുന്നതല്ല. തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ള ഇലക്ട്രിക് ലൈനിന്റെ നമ്പർ, സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളുടെ വിവരം , അറ്റകുറ്റപ്പണിയുടെ വിവരം എന്നിവ രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ അപ്രകാരമുള്ള വിവരങ്ങൾ പരിശോധിക്കുവാൻ സാധിച്ചില്ല.

പ്രവൃത്തി ചെയ്ത കരാറുകാരന്റെ അവകാശവാദത്തെക്കാൾ കൂടുതൽ ട്യൂബ് ലൈറ്റുകൾ അറ്റകുറ്റപ്പണി നടത്തിയതായി വൌച്ചർ തയ്യാറാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നല്കിയെങ്കിലും മറുപടി നല്കിയില്ല. ഇപ്രകാരം തെറ്റായി വൌച്ചർ തയ്യാറാക്കി 40 ട്യൂബ് ലൈറ്റുകൾക്ക് വേണ്ടി 40*159=6360രൂപ പിൻവലിച്ച് ശ്രീ.ആർ.ഹരികുമാറിന് നൽകിയതിനാൽ പ്രസ്തുത തുകയുടെ അധിക ബാദ്ധ്യതയാണുണ്ടായത്. ഈ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

കേടായ ഉപകരണങ്ങൾ പഞ്ചായത്തിൽ തിരികെ വാങ്ങാത്തത് മറ്റൊരു പോരായ്മയാണ്. പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കുമ്പോൾ പഴയവ തിരികെ വാങ്ങി സൂക്ഷിക്കുകയും അവ ലേലം ചെയ്ത് പരമാവധി തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുകയും ചെയ്യേണ്ടതാണ്.

## (3-6) ഉപയോഗിക്കാത്ത തെരുവുവിളക്കുകൾക്കും വൈദ്യുതി ചാർജ് ഒടുക്കിവരുന്നു. സംയുക്ത പരിശോധനയില്ല.

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൽക്ക് മീറ്റർ സ്ഥാപിച്ചിട്ടില്ല. വൈദ്യുതി ചാർജ് പ്രതിമാസം 113161 രൂപയാണ്. ഈയിനത്തിൽ പഞ്ചായത്തിന്റെ തനത്ഫണ്ടിൽ നിന്നും 2015-16സാമ്പത്തികവർഷം 1357932 രൂപയാണ് ചെലവായത് തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിച്ചിട്ടില്ലാത്തതിനാൽ താരിഫ് സമ്പ്രദായത്തിലാണ് ഇപ്പോഴും കറണ്ട്ചാർജ്ജ് അടയ്ക്കുന്നത്. എല്ലാ വിളക്കുകളും 12 മണിക്കൂർ പ്രവർത്തിച്ചിട്ടുണ്ടെന്ന നിഗമനത്തിലാണ് താരിഫ് സമ്പ്രദായത്തിൽ കറണ്ട് ചാർജ്ജ് കണക്കാക്കുന്നത്. ആയതിന്റെ വിശദാംശം ചുവടെച്ചേർക്കുന്നു.

| തെരുവ് വിളക്കിന്റെ ഇനം | വാട്ട് | എണ്ണം | പ്രതിമാസ നിരക്ക് (#) | ആകെ |
|---|---|---|---|---|
| ഓർഡിനറി ബൾബ് | 40 | 724 | 61 | 44164 |
| ഫ്ളൂറസന്റ് ട്യൂബ് 1*40 | 40 | 466 | 61 | 28426 |
| ഫ്ളൂറസന്റ് ട്യൂബ് 2*40 | 80 | 107 | 124 | 13268 |
| സോഡിയം വേപ്പർ ലാംപ് | 250 | 13 | 414 | 5382 |
| മെർക്കുറിക് വേപ്പർ ലാംപ് | 400 | 1 | 661 | 661 |
| സി.എഫ്.എൽ 1*15 | 15 | 144 | 9 | 1296 |
| സി.എഫ്.എൽ 2*11 | 22 | 1426 | 14 | 19964 |
| Total | | 2881 | | 113161 |

(# പ്രതിദിനം 12 മണിക്കൂർ പ്രകാശിപ്പിക്കുന്ന എന്ന രീതിയിൽ ഒരു വിളക്കിന്റെ കറണ്ട് ചാർജ്ജ്)

ഗ്രാമപ്പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ കഴിഞ്ഞ മൂന്നുവർഷമായി ശേഷം മെർക്കുറി വേപ്പർ ലാമ്പ്, സോഡിയം വേപ്പർ ലാമ്പ് (250 W) എന്നിവ വാങ്ങിയിട്ടില്ല. ഉപയോഗിക്കാത്ത വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് നൽകേണ്ടി വരുന്നത് പഞ്ചായത്തിന്റെ വരുമാനനഷ്ടത്തിന് കാരണമാകുന്നു. വൈദ്യുതി ഉപഭോഗം പരമാവധി കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ സി.എഫ്.എൽ. വാങ്ങി സ്ഥാപിക്കുന്നുണ്ടെങ്കിലും നിലവിൽ ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി, യഥാർത്ഥത്തിലുള്ള ബൾബുകളുടെ എണ്ണം തിട്ടപ്പെടുത്തേണ്ടതും പ്രകാശിക്കാത്ത ബൾബുകൾക്ക് വൈദ്യുതിചാർജ്ജ് നൽകിവരുന്ന പ്രവണത ഒഴിവാക്കേണ്ടതുമാണ്. ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കുവാൻ ഭരണ സമിതിയോടു ശുപാർശ ചെയ്യുന്നു.

## (3-7) തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ - എഗ്രിമെന്റ് വയ്ക്കാതെ തുക നൽകി - പൂർത്തീകരിച്ചില്ല

തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിനുള്ള ചെലവിന്റെ 50 % തുക സബ്സിഡി അനുവദിച്ചിരുന്നു. (ഉത്തരവ് നമ്പർ BO(FM)(Genl) No- 1947/2012 (Comml-II Street light/12-13 ) Tvpm തീയതി :19-10-2012) ഈ ആനുകൂല്യപ്രകാരം തുക അടയ്ക്കുന്നതിനുള്ള കാലാവധി 31-12-2014 വരെ മാത്രമായിരുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് ഈ ആനുകൂല്യം പ്രയോജനപ്പെടുത്തിയില്ല. 31.03.2016 ൽ മാത്രമാണ് 583000 രൂപ അടച്ചത് [535000(ഡി.ഡി.നം.421407/ 30.03.16,48000 (ഡി.ഡി.നം.42140831.03.16)], യഥാസമയം ആനുകൂല്യം പ്രയോജനപ്പെടുത്താത്തത് കാരണം പഞ്ചായത്തിന് വൻചെലവുണ്ടായി. നിലവിൽ വൻതുക കെ.എസ്.ഇ.ബി.യിൽ നിക്ഷേപിച്ചെങ്കിലും വ്യവസ്ഥകളോടുകൂടിയ കരാറിലേർപ്പെട്ടില്ല. ഇപ്രകാരം കരാർ ചമച്ചിട്ടില്ലാത്തതിനാൽ മീറ്റർ സ്ഥാപിക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസത്തിനെതിരെ പഞ്ചായത്തിന് നടപടി സ്വീകരിക്കാനാകില്ല. മീറ്റർ സ്ഥാപിക്കുന്നതിനുള്ള കാലയളവ്, പൂർത്തീകരിക്കാത്തപക്ഷം സ്വീകരിക്കേണ്ട നടപടികൾ എന്നീ വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറിലേർപ്പെടുകയും എത്രയും വേഗം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നത് എത്രയും വേഗം പൂർത്തിയാക്കാനായാൽ കറന്റ് ചാർജ്ജിനത്തിൽ ചെലവഴിക്കുന്ന വൻതുക ഗ്രാമപഞ്ചായത്തിന്റെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാനാകും. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## (3-8) പൊതു ടാപ്പുകളുടെ വെള്ളക്കരം- വാർഷിക ബാദ്ധ്യത 23.88 ലക്ഷം രൂപ

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 199063 രൂപയാണ് വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നത്. ഒരു ടാപ്പിന് പ്രതിവർഷം 5250 രൂപ നിരക്കിൽ 455 ടാപ്പുകളുടെ തുകയാണിത്. ഈയിനത്തിൽ പ്രതിവർഷം 2388756 രൂപ ചെലവാകുന്നുണ്ട്. പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തുന്നതിനായി വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിൽ രേഖകളില്ല. വാട്ടർ ടാപ്പുകൾ മിക്കതും പ്രവർത്തനക്ഷമമല്ലെന്ന് നേരിട്ട് പരിശോധിച്ചതിൽ വ്യക്തമായി. അടിയന്തിരമായി സംയുക്തപരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തി വെള്ളക്കരത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ പരിഷ്ക്കരിച്ച സബ്സിഡി മാർഗരേഖ പ്രകാരം (16.11.2013 ലെ ജി.ഒ.(എം.എസ്.) 362/2013/ ത.സ്വ.ഭ.വ.) പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറയ്ക്കുന്നതിനായി, ഗാർഹിക കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനിൽ നിന്നും ഗാർഹിക കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തി ചെയ്തിട്ടുണ്ടെന്നുമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് അർഹതയുള്ളവർക്ക് അനുവദനീയമായ സബ്സിഡി (പൊതുവിഭാഗത്തിന് 4000 രൂപയും പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിന് 6000 രൂപയും) നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം അർഹതയുള്ള ഗുണഭോക്താക്കൾക്ക് ഗാർഹിക കണക്ഷൻ എടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിലൂടെ മാത്രമേ പഞ്ചായത്തിന്റെ വരുമാനനഷ്ടം കുറയ്ക്കാൻ സാധിക്കൂ. ഈ വിഷയത്തിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

വെള്ളക്കരത്തിന്റെ എല്ലാ മാസത്തെയും ബില്ലിൽ തൻമാസത്തേത് കൂടാതെ കുടിശ്ശിക കൂടി കാണിക്കുന്നുണ്ട്. എന്നാൽ അതത് മാസത്തെ തുക മാത്രമാണ് ഒടുക്കിവരുന്നത്. ഈ കുടിശ്ശിക ഏത് കാലയളവിലേതാണെന്ന് വ്യക്തമല്ല. 04/2015ലെ ബില്ലിൽ 55826രൂപ കുടിശ്ശികയും 1095 രൂപ പിഴയും ഒടുക്കണമെന്ന് കാണിച്ചിരുന്നു. ഈ തുക അടയ്ക്കാത്തതിനെത്തുടർന്ന് പിഴ വർദ്ധിക്കുകയും 03/2016 ൽ 70482 രൂപ പഞ്ചായത്തിന്റെ ബാദ്ധ്യതയായിത്തീരുകയും ചെയ്തു. വെള്ളക്കരത്തിന്റെ കുടിശ്ശിക ഒഴിവാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം വെള്ളക്കരത്തിന്റെ പിഴയിനത്തിൽ വൻതുക പഞ്ചായത്തിന് ബാദ്ധ്യതയായിത്തീരുന്നതാണ്.

## (3-9) തെരുവുനായ്ക്കളുടെ വന്ധ്യംകരണം - ജില്ലാപഞ്ചായത്തിന് തുക ഒടുക്കി - പദ്ധതി നിർവ്വഹണം ഉറപ്പാക്കിയില്ല

| | |
|---|---|
| പ്രൊജക്ട് നംപർ, പേര് | 303/16 തെരുവുനായ്ക്കളുടെ വന്ധ്യംകരണത്തിന് ജില്ലാപഞ്ചായത്തിന് തുക അടയ്ക്കൽ |
| അടങ്കൽ | 70000 |
| ചെലവ് ,ഫണ്ടിനം | 70000 , ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണം | സെക്രട്ടറി |
| ഡി.ഡി.നംപർ | 420737 / 22.03.2016 |

തെരുവ് നായ്ക്കളുടെ വർദ്ധനവ് തടയുന്നതിനായി ജില്ലാപഞ്ചായത്ത് നടപ്പാക്കുന്ന പദ്ധതിയ്ക്കുവേണ്ടി (Animal birth Control programme) ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 70000രൂപ വീതം ജില്ലാ പഞ്ചായത്തിന് നൽകുന്നതിന് 23-10-2015 ലെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലും ബഹു. ജില്ലാ കളക്ടറുടെ 06-11-2015ലെ B1 18838/15നം കത്തു പ്രകാരവും നിർദ്ദേശിച്ചിരുന്നു. ഇതു പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ 70000രൂപയുടെ ഡി. ഡി.ഗ്രാമപ്പഞ്ചായത്തിൽ നിന്ന് നൽകുകയുണ്ടായി. എന്നാൽ പദ്ധതി നടപ്പാക്കിയതിന്റെ പുരോഗതി ഉറപ്പാക്കിയിട്ടില്ല. ടി തുക വിനിയോഗിച്ചതിന്റെ രേഖകൾ ലഭിച്ചിട്ടില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## (3-10) അംഗനവാടി പോഷകാഹാര വിതരണം; ഗുണനിലവാരം ഉറപ്പുവരുത്തുന്നില്ല

അംഗൻവാടി പോഷകാഹാര പദ്ധതിയോടനുബന്ധിച്ച് വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ ഗുണമേന്മ പരിശോധന 2മാസത്തിൽ ഒരിക്കൽ നടത്തേണ്ടതാണെന്ന് സാമൂഹിക ക്ഷേമവകുപ്പ് ഡയറക്ടറുടെ 18-12-2010 ലെ ഐ.സി.ഡി.എസ്/ബി-

3/312-ാം നമ്പർ കത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 32 അംഗനവാടികൾ വഴി വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സ് ടി കത്തിൽ സൂചിപ്പിച്ചതുപോലുള്ള ഗുണമേന്മ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. മാത്രമല്ല പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി മാർഗ്ഗരേഖപ്രകാരം അങ്കണവാടികളിൽ നിന്ന് യഥാർത്ഥത്തിൽ പോഷകാഹാരം/ഭക്ഷണം സ്വീകരിക്കുന്നവരുടെ എണ്ണവും നൽകുന്നവയുടെ ഗുണനിലവാരവും നിശ്ചിത ഇടവേളകളിൽ പരിശോധിക്കേണ്ടതാണ്. ഇതിനായി വെൽഫെയർ കമ്മിറ്റികൾക്ക് പുറമേ ഗ്രാമസഭാ അംഗങ്ങളിൽ നിന്നും പൊതുസമ്മതരായ 5പേരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതും ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വാർഡിലുള്ള അംഗനവാടികൾ സന്ദർശിക്കേണ്ടതും പോഷകാഹാരം സ്വീകരിക്കുന്നവരുടെ യഥാർത്ഥത്തിലുള്ള കണക്കും ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഈ നടപടിക്രമങ്ങൾ ഒന്നും പാലിച്ചിട്ടില്ല.

## (3-11) <u>അങ്കണവാടികളുടെ അടിസ്ഥാനസൗകര്യം</u>

ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 32 അങ്കണവാടികളിലായി 389 കുട്ടികൾ പഠിക്കുന്നുണ്ട്. 26അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമുണ്ട്. 6 അങ്കണവാടികൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു. 2 അങ്കണവാടികൾക്കായി പുറമ്പോക്ക് ഭൂമി കണ്ടെത്തി സാമൂഹ്യനീതി വകുപ്പ് മുഖേന അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു.(നം26,1) എന്നാൽ ഇതിൻമേൽ ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. 30ാം നമ്പർ അങ്കണവാടിയ്ക്ക് സ്വകാര്യവ്യക്തി ഭൂമി സൗജന്യമായി നൽകിയെങ്കിലും കെട്ടിടനിർമ്മാണത്തിനുള്ള നടപടികൾ ആയിട്ടില്ല. 32ാം നമ്പർ അങ്കണവാടിയ്ക്കായി ഗ്രാമപഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് മാതൃകാ അംഗനവാടി നിർമ്മിക്കുന്നതിനായി വകുപ്പ് തല നടപടികൾ ആരംഭിച്ചിട്ടുണ്ട്.

30 അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ട്. എന്നാൽ സ്വന്തം കെട്ടിടമുള്ള 2 അങ്കണവാടികൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല (നം. 17, 22 ). ഈ കെട്ടിടങ്ങളുടെ മേൽക്കൂരയ്ക്ക് ബലക്ഷയവും ഭിത്തികൾക്ക് വിള്ളലുകളും ഉള്ളതാണ്. ഈ കെട്ടിടങ്ങളിൽ തന്നെയാണ് അംഗനവാടികൾ ഇപ്പോഴും പ്രവർത്തിക്കുന്നത്. വാടക കെട്ടിടങ്ങൾ കണ്ടെത്തി അങ്കണവാടികളുടെ പ്രവർത്തനം അതിലേയ്ക്ക് മാറ്റാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

21 അങ്കണവാടികൾക്ക് മാത്രമാണ് വൈദ്യുതി കണക്ഷനുള്ളത്. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 5 അംഗണവാടികൾക്ക് വൈദ്യുതി കണക്ഷനില്ല( നം.27,28,31,19,16). ഇതിൽ 16, 19 നംപർ അങ്കണവാടികളുടെ വയറിംഗ് പൂർത്തിയായി വർഷങ്ങൾ കഴിഞ്ഞിട്ടും കറന്റ് കണക്ഷൻ ലഭിച്ചിട്ടില്ല. 3 അങ്കണവാടികളുടെ വയറിംഗ് നടത്തിയിട്ടില്ല(നം.27,28,31). ഈ വിഷയങ്ങൾ അടിയന്തിര പരിഗണനയ്ക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## (3-12) <u>പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- അർഹമായ പരമാവധി തുക നൽകുന്നില്ല</u>

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2015-16 വർഷം ആവിഷ്കരിച്ച പ്രോജക്ട് പ്രകാരം വികസന ഫണ്ടിൽ നിന്നും 2 ലക്ഷം രൂപയും ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതമായി 1ലക്ഷം രൂപ വീതവും വകയിരുത്തിയിരുന്നു. ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 40000 രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായ2ലക്ഷം രൂപയും ഉൾപ്പടെ 240000/രൂപ പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്ത് വിഹിതം ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടതായി കാണുന്നില്ല. സ്കോളർഷിപ്പ് കൈപ്പറ്റിയ 46 വിദ്യാർത്ഥികൾക്കും പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരം നൽകാവുന്ന പരമാവധി ധനസഹായം നൽകിയിട്ടില്ല. 26 വിദ്യാർത്ഥികൾ മാനസിക വെല്ലുവിളി നേരിടുന്നവരാണ്. ഇവർക്ക് സ്കോളർഷിപ്പ് ഇനത്തിൽ മാത്രം 12000/- രൂപയ്ക്ക് അർഹതയുണ്ടെങ്കിലും 6221/- രൂപ മാത്രമാണ് നൽകിയത്. മറ്റുള്ളവർക്കും ഇതിനാനുപാതികമായാണ് തുക നൽകിയിരിക്കുന്നത്. പ്രത്യേക പരിഗണന അർഹിക്കുന്ന വിദ്യാർത്ഥികൾക്ക് അർഹമായ ആനുകൂല്യത്തിന്റെ പകുതിയിൽ താഴെ തുക മാത്രമാണ് ലഭിച്ചിരിക്കുന്നത്. 2015-16 വർഷം വികസനഫണ്ട് അലോട്ട്മെന്റ് ഇനത്തിൽ ലഭിച്ച തുക ചെലവഴിക്കാതെ ലാപ്സായ സാഹചര്യത്തിലാണ് നിർബന്ധമായും തുക വകയിരുത്തണമെന്ന് സർക്കാർ നിർദ്ദേശിച്ച പ്രോജക്ടുകൾക്ക് പോലും ആവശ്യമായ തുക വകയിരുത്താതിരുന്നത്. ഇത് തുടർനടപടികൾക്കായി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## (3-13) <u>ഉറവിട മാലിന്യ സംസ്കരണ പദ്ധതി പൂർത്തീകരിച്ചില്ല - പിൻവലിച്ച തുക ഡി.ഡി.യായി കൈയിൽ സൂക്ഷിച്ചിരിക്കുന്നു</u>

കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ ഉറവിട മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ 204 വീടുകളിൽ റിംഗ്കമ്പോസ്റ്റ്സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത്. യൂണിറ്റൊന്നിന് 2500 രൂപ നിരക്കിൽ സ്ഥാപിക്കുന്നതിന് തയ്യാറായ റെയ്ഡ്കൊയെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കുകയും ചെയ്തു. പ്രോജക്ടിന്റെ ധനകാര്യവിശകലനം താഴെച്ചേർക്കുന്നു.

| ഫണ്ടിനം | പദ്ധതി അടങ്കൽ | യൂണിറ്റ് കോസ്റ്റ് | ചെലവഴിച്ചതുക |
|---|---|---|---|
| ശുചിത്വമിഷൻ | 1418732 | 1631 | 332724 |

| | | | |
|---|---|---|---|
| തനത് ഫണ്ട് | 180368 | 544 | 110976 |
| ഗുണഭോക്തൃവിഹിതം | 473400 | 325 | 66300 |
| ആകെ | 2072500 | 2500 | 510000 |

യൂണിറ്റ് സ്ഥാപിക്കുന്നതിന്റെ ചെലവിലേക്കായി 510000 രൂപ മാറി ഡി.ഡി. യാക്കി കൃഷി ഓഫീസർ കൈവശം സൂക്ഷിച്ചിരിക്കുകയാണ് (നം. 421562 dtd.31.03.16). ടി തുക നാളിതുവരെയും സ്ഥാപനത്തിന് കൈമാറിയിട്ടില്ല. യൂണിറ്റുകൾ പൂർണ്ണമായും സ്ഥാപിച്ചിട്ടില്ലാത്തതിനാലാണ് ഡി.ഡി. കൈമാറാത്തതെന്നാണ് കൃഷി ഓഫീസർ വിശദീകരിച്ചത്. പ്രോജക്ട് പൂർത്തിയാക്കാതെ പണം പിൻവലിച്ചതും തുക ചെലവ് കാണിക്കുന്നതിനായി ഡി.ഡി. യാക്കി കൈവശം സൂക്ഷിച്ചതും ധനവിനിയോഗമാർഗ്ഗരേഖയുടെ വ്യക്തമായ ലംഘനമാണ്.പദ്ധതി പൂർത്തീകരിച്ചതിന്റെയും തുക ചെലവഴിച്ചതിന്റെയും വിശദാംശങ്ങൾ അറിയിക്കാത്തപക്ഷം ടി തുക നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയാകുന്നതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## (4-1) സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

---ഇല്ല---

## (4-2) ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ / ചെക്ക് നമ്പർ | തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|
| പി.ഡബ്ല്യു.ഡി. | ഏനാത്ത് ബസ് ബേ, ബാത്ത് റൂം ഇലക്ട്രിക് ഫിക്കേഷൻ ,വാട്ടർ കണക്ഷൻ | 419608 / 25.02.2016 | 106700 | പൂർത്തീകരിച്ചിട്ടില്ല.. |
| പി.ഡബ്ല്യു.ഡി. | പനവിള യൂത്ത് സെന്റർ കെട്ടിടത്തിന് വൈദ്യുതീകരണം | 419606 / 25.022016<br>419607 / 25.022016 | 23440<br>48060 | |
| കെ.ഡബ്ള്യൂ.എ | ഏനാത്ത് ബസ് ബേ, ബാത്ത് റൂം ഇലക്ട്രിക് ഫിക്കേഷൻ ,വാട്ടർ കണക്ഷൻ | 420736 / 22.03.2016 | 215000 | പൂർത്തീകരിച്ചിട്ടില്ല. |
| കെ.ഡബ്ള്യൂ.എ | കൈതപ്പറമ്പ് സാംസ്കാരികനിലയത്തിന് വാട്ടർകണക്ഷൻ | 124991 / 24.08.2015<br>124992 / 24.08.2015 | 40000<br>40000 | പൂർത്തീകരിച്ചിട്ടില്ല. |
| കെ.എസ്.ഇ.ബി. | അങ്കണവാടി വൈദ്യുതീകരണം | 431917 / 07.10.2011<br>431918 / 07.10.2011<br>431919 / | 38500<br>30000<br>38600<br>23050 | പൂർത്തീകരിച്ചിട്ടില്ല. |

| | | | | |
|---|---|---|---|---|
| | | 07.10.2011<br>431947 / 07.10.2011 | | |
| കെ.എസ്.ഇ.ബി | തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 421407 / 30.03.2016<br>421408 / 30.03.2016 | 535000<br>48000 | പൂർത്തീകരിച്ചിട്ടില്ല. |

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് തുക ഒടുക്കുവരുത്തുമ്പോൾ പണി പൂർത്തീകരിക്കുന്നത് സംബന്ധിച്ച് എഗ്രിമെന്റ് വെയ്ക്കേണ്ടതും ആയത് സമയബന്ധിതമായി പൂർത്തീകരിച്ചില്ലെങ്കിൽ പിഴ ഈടാക്കേണ്ടതുമാണ്. എന്നാൽ ഇവിടെ കെ.എസ്.ഇ.ബി, കേരള വാട്ടർ അതോറിറ്റി എന്നിവയുമായി കരാർ ചമച്ചിട്ടില്ല.ആയതിനാൽ ഇവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയില്ല.പ്രസ്തുത നിർവ്വഹണ ഏജൻസികളുമായി നിരന്തര സമ്പർക്കം പുലർത്തി പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## (4-3) മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## (4-4) സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷങ്ങളിൽ സ്ഥിരനിക്ഷേപമില്ല.

## (4-5) ഓഡിറ്റ് റിക്കവറി

--ഇല്ല--

## (4-6) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| പ്രവർത്തന അവലോകനറിപ്പോർട്ട് | 2013-14 | 17 | 6/2013വരെ വെള്ളക്കരമിനത്തിൽ അധികം ഒടുക്കിയ തുക ക്രമീകരിച്ചിട്ടില്ല.<br>വെള്ളപ്പാറ കുടിവെള്ള പദ്ധതി,പൊടിവിളക്കോളനി കുടിവെള്ള പദ്ധതി എന്നിവ പൂർത്തീകരിച്ചിട്ടില്ല | നിയമസഭാസമിതിയുടെ പരിഗണനയിലാണ്. |

## (4-7) ഓഡിറ്റ് പ്രത്യവലോകനം

| (എ) സംക്ഷിപ്ത വിവരം | | വർഷം |
|---|---|---|

| | | |
|---|---|---|
| | | 2015-16 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | : | 71700574 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 58827238 |
| വരവിനങ്ങളിലെ നഷ്ടം<br>വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 81954 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 99404 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 75594 | ശ്രീ.ജയഭദ്രൻ,അസി.എൻജിനീയർ<br>ശ്രീമതി.മായ.ആർ.,അസി.എക്സി.ഓഞ്ചിനീയർ |
| 3-5 | | 6360 | ശ്രീ.പി.ഒ.മാത്യു, സെക്രട്ടറി |
| ആകെ | | 81954 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-9 | 70000 | ശ്രീ.പി.ഒ.മാത്യു, സെക്രട്ടറി |
| 3-4 | 29404 | ശ്രീ.ജയഭദ്രൻ,അസി.എൻജിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

--ഇല്ല--

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

--ഇല്ല--

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ.ജയഭദ്രൻ, അസി.എൻജിനീയർ | അസി.എൻജിനീയർ,<br>ഏഴംകുളം ഗ്രാമപഞ്ചായത്ത് | ആമ്പാടി, നേതാജി ജംഗ്ഷൻ,<br>എഴുകോൺ |
| ശ്രീമതി.മായ.ആർ.<br>,അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ,<br>എൽ.എസ്.ജി.ഡി.സബ് ഡിവിഷൻ,<br>പറക്കോട് ബ്ലോക്ക് പഞ്ചായത്ത് | പാട്ടിരേത്ത്,ഇലവുംതിട്ട.<br>പി.ഒ,പത്തനംതിട്ട- |
| ശ്രീ.പി.ഒ.മാത്യൂ,സെക്രട്ടറി | സെക്രട്ടറി,<br>ഇളംപള്ളൂർ ഗ്രാമപഞ്ചായത്ത് | മുക്കടവിൽ ഹൗസ്,<br>ഈസ്റ്റ് കല്ലട |

## (4-8) ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

(എ) ചാർജ്/ സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

-------------ഇല്ല--------------

(ബി) ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

--------ഇല്ല---------

## (4-9) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് .

| ഓഡിറ്റ് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1991-92 | എൽ.എഫ്.പി.റ്റി.എ.പി.3/416/93 തീയതി 12-10-93 | |
| 1992-93 | എൽ.എഫ്.പി.റ്റി.എ.പി.3/114/94 തീയതി.07-12-94 | |
| 1993-94 | എൽ.എഫ്.പി.റ്റി.എ.പി.3/136/95 തീയതി.30-05-95 | |
| 1996-97 | എൽ.എഫ്.പി.റ്റി.എ.പി.3/772/97 തീയതി.29-04-98 | 6 |
| 1998-99 | എൽ.എഫ്.പി.റ്റി.എ.പി.3/11/2000 തീയതി.02-12-2000 | 1 |
| 1999-00 | എൽ.എഫ്.പി.റ്റി.എ.പി.3/873/2000 തീയതി.01-03-01 | 1 |
| 2001-02 | എൽ.എഫ്.പി.റ്റി.എ.പി.2/274/05 തീയതി.19-08-05 | 1 |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.പി.റ്റി.എ.പി.4/160/07<br>തീയതി.27-02-07/09-08-07 | 12 |
| 2003-04 | എൽ.എഫ്.പി.റ്റി.എ.പി.4/408/07<br>തീയതി 21-12-07 | 5 |
| 2004-05 | എൽ.എഫ്.പി.റ്റി.എ.പി.10/792/08<br>തീയതി 28-02-09 | 9 |
| 2005-06 | എൽ.എഫ്.പി.റ്റി.എ.പി.10/793/08<br>തീയതി 20-07-09 | 5 |
| 2006-07 | എൽ.എഫ്.പി.റ്റി.എ.പി.10/206/09<br>തീയതി 06-01-10/12-11-10 | 18 |
| 2007-08 | എൽ.എഫ്.പി.റ്റി.എ.പി.10/154/10<br>തീയതി 08/10/2010 | 22 |
| 2008-09 | എൽ.എഫ്.പി.റ്റി.എ.പി.10/443/2013<br>തീയതി.01-10-13/04-09-14 | |
| 2009-10&2010-11 | എൽ.എഫ്.പി.റ്റി.എ.പി.10/443/2013<br>തീയതി 01-10-13/04-09-14 | |
| 2011-12 | എൽ.എഫ്.പി.റ്റി.എ.പി.10/445/2013<br>തീയതി 01-10-13 | |
| 2012-13 | എൽ.എഫ്.പി.റ്റി.എ.പി.10/1061/14<br>തീയതി 09-02-15 | |
| 2013-14<br>&2014-15 | കെ.എസ് .എ പി.റ്റി.എ.പി.10/7351/15<br>തീയതി 12-08-15/24.08.15 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട ജില്ല

# അനുബന്ധം-1

## ഓഡിറ്റ് സർട്ടഫിക്കറ്റ്

കെ.എസ്.എ.പി.റ്റി.എ.പി10/1203/16 തീയതിഃ 17.11.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പത്തനംതിട്ട ജില്ലയിലെ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഏഴംകുളം ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട.

No.K.S.A.PTA/P10/1203/16 Dated : 17.11.2016

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Ezhamkulam Grama Panchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Ezhamkulam Grama Panchayat for the year 2015-16 except the obeservations in my report properly presents the picture of income and expenditure.

HABEEB MUHAMMED
Deputy Director
Kerala State Audit Department
Pathanamthitta